

# തന്ത്രശാലിയായ ചിണ്ടൻ

• സവ്യസാചി

കാട്ടിലെ ജീവിതം ചിണ്ടൻ മുയലിന് ഭാരമായി തോന്നി. തലമുറ തലമുറകളായി തന്റെ കുടുംബക്കാർ ഈ വനത്തിൽ പാർത്തുപോരുന്നതാണ്. പക്ഷേ, അതുകൊണ്ടെന്ത് പ്രയോജനം?

തന്നെയും തന്റെ ഭാര്യ പിങ്കിയെയും മൃഗങ്ങൾക്കെല്ലാം പുച്ഛമാണ്. അവർക്കെല്ലാം അസൂയയോ അവഗണനയോ ആണ് തങ്ങളോട്. തന്നോടും തന്റെ കുടുംബത്തിനോടും അവർക്ക്

▸▸ ചെമ്പ്, സ്വർണ്ണം, വെള്ളി എന്നിവയാണ് നാണയ ലോഹങ്ങൾ എന്നറിയപ്പെടുന്നത്

യാതൊരു സഹകരണവുമില്ല. കാട്ടിൽ ഇട ക്കിടെ സിംഹരാജന്റെ നേതൃത്വത്തിൽ പല പൊതുയോഗങ്ങളും കൂടാറുണ്ട്. ആന മുതൽ കീരി വരെയുള്ളവർ മീറ്റിംഗിൽ പങ്കു ചേർന്ന് പ്രസംഗിക്കാറുണ്ട്. മൃഗങ്ങളുടെ ക്ഷേമകാര്യ ങ്ങളെക്കുറിച്ച് പലവിധ ചർച്ചകളും നടത്താ റുണ്ട്. എന്നാൽ, തന്നെ അവർ ഒരിക്കൽ പോലും സമ്മേളനത്തിലേക്ക് ക്ഷണിച്ചതായി ഓർമ്മയില്ല. ക്ഷണിക്കാനുള്ള ഭാവവുമില്ല. എന്തിന്, യോഗം നടക്കുന്ന പരിസരത്തെ ങ്ങാനും കണ്ടാൽ മതി, അവരെല്ലാം കൂടി തന്നെ ആട്ടിപ്പായിക്കും.

ഒരുനാൾ ചിണ്ടൻ മുയലിനെ സമീപിച്ച് ഭാര്യയായ പിങ്കി അറിയിച്ചു:

“കഷ്ടം! നിങ്ങൾക്ക് നാണമില്ലല്ലോ ആണാ ണെന്ന് പറഞ്ഞു നടക്കാൻ? കാട്ടിൽ നടക്കുന്ന പൊതുയോഗങ്ങൾക്ക് സിംഹരാജൻ നമ്മെ എപ്പോഴെങ്കിലും ക്ഷണിച്ചിട്ടുണ്ടോ? ഭരണ കാര്യങ്ങൾ നമ്മളുമായി എന്നെങ്കിലും ചർച്ച ചെയ്തിട്ടുണ്ടോ? വനരാജാവിന് മറ്റുമൃഗങ്ങ ളെ പോലെ നമ്മളും കപ്പം കൊടുക്കുന്നുണ്ട്. നമുക്കും പൊതുയോഗങ്ങളിൽ പങ്കെടുക്കാൻ അവകാശമുണ്ട്.”

ഇത്രയുമായപ്പോഴേക്കും ചിണ്ടൻ മുയലി ന്റെ ക്ഷമ നശിച്ചു. അൽപം ഗൗരവത്തോടെ അവൻ ചോദിച്ചു:

“അതിന് ഞാൻ എന്ത് ചെയ്യണമെന്നാണ് നീ പറഞ്ഞുവരുന്നത്?”

“ഓഹോ.. അത് ഞാൻ പറഞ്ഞു തരണോ? അടുത്ത പൊതുയോഗസ്ഥലത്ത് നിങ്ങൾ ധൈര്യസമേതം കടന്നുചെല്ലണം. സിംഹ രാജനോട് നമ്മുടെ അവകാശത്തെക്കുറി ച്ച് നാല് വാക്ക് ചോദിക്കണം. നിങ്ങളുടെ പൗരുഷം മറ്റുള്ളവർ ഒന്ന് കാണട്ടെ.” പിങ്കി വികാരവതിയായി.

“ശരി., അങ്ങനെത്തന്നെ.”

ചിണ്ടന്റെ ആത്മാഭിമാനം സടകുടഞ്ഞെ ഴുന്നേറ്റു.

ദിവസങ്ങൾ കടന്നുപോയി. ആ മാസം അവ സാനത്തിൽ പതിവു പോലെ മൃഗരാജന്റെ നേതൃത്വത്തിൽ കാട്ടിലെ മൃഗങ്ങൾ യോഗം ചേർന്നു. തുടിക്കുന്ന ഹൃദയത്തോടെ, ഇട റുന്ന പാദത്തോടെ ചിണ്ടൻമുയൽ സഭയിൽ പ്രവേശിച്ച് സിംഹരാജനെ വണങ്ങി. മറ്റു മൃഗ ങ്ങൾ വെറുപ്പോടെ ചിണ്ടനുമേൽ കണ്ണ് നട്ടു.

“ഉം.. എന്തുവേണം... ? നിനക്കിവിടെ എന്തു കാര്യം?”

“അടിയൻ ചിണ്ടൻ മുയൽ ഒരു പരാതി ബോധിപ്പിക്കാൻ വന്നതാണ്. യോഗത്തിൽ പങ്കെടുക്കാൻ അടിയനെയും അനുവദി



## മൂങ്ങ

പകൽ കാഴ്ചയില്ലാത്ത, രാത്രി ജീവിതം നയിക്കുന്ന മൂങ്ങക്ക് (OWL) മറ്റു പക്ഷികളിൽ നിന്നുള്ള വ്യത്യാസം മുഖത്തിന്റെ മുൻ വശത്താണ് അവയുടെ കണ്ണുകൾ എന്നതാണ്. തല നേരെ തിരിച്ച് പിൻവശത്ത് നോക്കാൻ കഴിവുള്ള വ്യത്യസ്തമായ പക്ഷിയാണ് മൂങ്ങ.

▸▸ ആദ്യമായി ഓസ്കാർ പുരസ്കാരം നേടിയ ഇന്ത്യക്കാരൻ – ഭാനു അത്തയ്യ (1982, വസ്ത്രാലങ്കാരം )

ക്കണം.'' മുയലിന്റെ വിറ കലർന്ന ശബ്ദം.

''ഹ ഹ ഹ..ഹ ഹഹഹ!''

സിംഹം പൊട്ടിച്ചിരിച്ചു. ചിരി ഗർജ്ജനമായി.

''എടാ കീടമേ.. നിനിക്കിവിടെ കടന്നുവരാൻ എങ്ങനെ ധൈര്യം വന്നു? കടക്ക് പുറത്ത്! ഇനിയെങ്ങാനും ഈ പരിസരത്ത് നിന്നെ കണ്ടുപോയാൽ... ''

മൃഗരാജന്റെ ഭീഷണി.

സിംഹത്തിന്റെ മന്ത്രിയായ വരയൻ പുലി സമീപത്തു തന്നെയിരിക്കയായിരുന്നു. അവൻ ചിണ്ടനെ തുറിച്ചുനോക്കി ഉച്ചത്തിലൊന്ന് മുരണ്ടു. അതോടെ പാവം ചിണ്ടൻ വിരണ്ടു പോയി.

'അമ്പോ! മുറിവാലൻ കുറുക്കനു പോലും എന്തൊരു ഗമ! ചിണ്ടൻ നിസ്സാരൻ എന്ന ഭാവമാണ് എല്ലാവർക്കും.'

ഇളിഭ്യതയോടെ ഇറങ്ങി നടക്കുമ്പോൾ ചിണ്ടൻ സ്വയം ചിന്തിച്ചു.

അവനിൽ ദുഃഖവും അമർഷവും തിളച്ചു പൊന്തി. അവൻ അസ്വസ്ഥനായി.

വഴിമധ്യേ ചിണ്ടന് തിളങ്ങുന്ന ഒരു കണ്ണാടി ക്കഷ്ണം കളഞ്ഞു കിട്ടി. അവൻ അത് മെല്ലെ കൈയിലെടുത്ത് അതിൽ സൂക്ഷിച്ചു നോക്കി. ''ഹായ്.. ഇതെന്തൊരു സൂത്രം!''

സ്വന്തം പ്രതിഛായ കണ്ണാടിയിൽ പ്രതി ബിംബിച്ചു കണ്ട ചിണ്ടൻ ആർത്തുവിളിച്ചു.

പെട്ടെന്നവനൊരു യുക്തി തോന്നി. ഈ കണ്ണാടിച്ചില്ല് ഉപയോഗിച്ച് മറ്റു മൃഗങ്ങളെ യെല്ലാം നിലക്കു നിർത്തണം. കണ്ണാടിക്കഷ്ണം ഭദ്രമായി അടക്കിപ്പിടിച്ചുകൊണ്ട് അവൻ വീട്ടിലെത്തി. അടുത്ത മാസത്തെ സമ്മേളന ത്തിന് യോഗസ്ഥലത്ത് ആദ്യമായി എത്തി ച്ചേർന്നത് മുറിവാലൻ കുറുക്കനാണ്. അവൻ നോക്കിയപ്പോൾ ചിണ്ടൻ മുയലതാ മൈതാന മധ്യത്തിൽ കുത്തിയിരിക്കുന്നു.

മുറിവാലന് ഒരു കുസൃതി തോന്നി: ''ഛീ ... ഓടടാ..'' അവൻ ചിണ്ടനെ വിരട്ടി ഓടി ക്കാൻ ശ്രമിച്ചു.

പക്ഷേ, ചിണ്ടൻ പതറിയില്ല. അവൻ തല യുയർത്തി മീശ വിറപ്പിച്ചു കൊണ്ട് പറഞ്ഞു:

''എടാ മുറിവാലാ, നോക്കൂ.. നീ പഴയപോ ലെ എന്നെ വിരട്ടിയാലുണ്ടല്ലോ.. ഇതാ ഇത് കണ്ടോ! എന്റെ കൂട്ടുകാരൻ സിഗാൾ ഇതി നകത്ത് ഒളിച്ചിരിപ്പുണ്ട്. അവൻ എന്നെ സഹാ യിക്കാൻ വന്നതാണ്. എന്നെ ഉപദ്രവിച്ചാൽ ഇവൻ നിന്റെ കഥകഴിക്കും. ''

ചിണ്ടന്റെ കൈയിലിരുന്ന കണ്ണാടിക്കഷ് ണത്തിലേക്ക് മുറിവാലൻ നോക്കി. അവന്റെ കണ്ണ് തള്ളിപ്പോയി. തന്റെ വർഗത്തിൽപ്പെട്ട തടിമാടനായ മറ്റൊരു കുറുക്കൻ ചിണ്ടനെ സഹായിക്കാൻ എത്തിയിരിക്കുന്നു. അതോടെ മുറിവാലൻ നിശ്ശബ്ദനായി തടിതപ്പി.

അടുത്തതായി മൈതാനത്ത് എത്തിച്ചേർന്ന ത് പുലിയച്ചനായിരുന്നു. അവനെയും ചിണ്ടൻ ഈ തന്ത്രത്തിലൂടെ വിറപ്പിച്ച് വിട്ടു. അടുത്ത ഊഴം മൃഗരാജന്റേതായിരുന്നു. സിംഹം എത്തിച്ചേർന്നപ്പോൾ മൈതാനത്ത് ആരെയും കണ്ടില്ല. എന്തോ പന്തികേടുള്ളതായി അദ്ദേ



## കൂടുതൽ പോലീസ്

124 പോലീസുകാരുള്ള മുല്ല പ്പെരിയാർ പോലീസ് സ്റ്റേഷനാണ് കേരളത്തിൽ ഏറ്റവും കൂടുതൽ പോ ലീസുകാരുള്ള പോലീസ് സ്റ്റേഷൻ.

▸▸ ചന്ദ്രനിൽ പതാക നാട്ടിയ നാലാമത്തെ രാജ്യമാണ് ഇന്ത്യ



ഹത്തിന് തോന്നി. സിംഹം അവിടമാകെ ഒന്ന് ചുറ്റിക്കറങ്ങി. അപ്പോഴതാ ചിണ്ടൻ മുയൽ താപസനെപ്പോലെ ഒരിടത്ത് കണ്ണുമടച്ചിരിക്കുന്നു.

''എടാ ചിണ്ടാ.. ഇവിടെ വാ...''

സിംഹം മുയലിനോടാജ്ഞാപിച്ചു.

ചിണ്ടന് ഒരു കൂസലുമുണ്ടായില്ല.

അവൻ മൃഗരാജനെ സമീപിച്ച് ചോദ്യഭാവത്തിൽ തല ഉയർത്തി നോക്കി.

മുയലിന്റെ നിസ്സാരഭാവം മൃഗരാജനെ ചൊടിപ്പിച്ചു.

''ഈ യോഗസ്ഥലത്ത് വന്നിരിക്കാൻ ആരു പറഞ്ഞെടാ.. നിന്നെ ആരെങ്കിലും ഇങ്ങോട്ട് ക്ഷണിച്ചോ?'' സിംഹം ക്രുദ്ധനായി.

'' ക്ഷമിക്കണം സ്വാമിൻ.. അടിയൻ സ്വയം വന്നതല്ല. അടുത്ത കാട്ടിലെ അതികായൻ സിംഹം എന്നെ ഇങ്ങോട്ടു കൂട്ടിക്കൊണ്ടു വന്നതാണ്. അദ്ദേഹം എന്റെ സുഹൃത്ത് കൂടിയാണ്. സംശയമുണ്ടേൽ ഇതാ ഇതിലേക്ക് നോക്കിയേ...'' തുടർന്ന് മുയൽ കണ്ണാടിക്കഷ്ണം സിംഹത്തിന്റെ മുഖത്തിന് നേരെ പിടിച്ചു.

ഒന്നേ നോക്കിയുള്ളൂ.. സിംഹം ഞെട്ടി വിറച്ചുപോയി. തന്നെപ്പോലെ കരുത്തനായ മറ്റൊരു സിംഹം ചിണ്ടന്റെ സുഹൃത്തായി വന്നിരിക്കുന്നു. ഇനി ഇവിടെ നിന്നാൽ രക്ഷയില്ല. വാലും പൊക്കിപ്പിടിച്ചുകൊണ്ട് സിംഹരാജൻ തിരിഞ്ഞോടി.

'' സിംഹച്ചാരേ.. മണ്ടച്ചാരേ... ''

ചിണ്ടന് ആർത്തുവിളിക്കുവാൻ തോന്നി. കുടുകുടാ ചിരിച്ചവൻ മണ്ണു കപ്പി.

▸▸ അലഹബാദിൽ വെച്ചാണ് യമുനാ നദി ഗംഗാനദിയിൽ ചേരുന്നത്